പത്തും ക്ലാസുകൾക്കുവേണ്ടിയുള്ള പണവും അതിനുള്ള അദ്ധ്യാപകരേയും മാത്രമേ കേന്ദ്രഗവൺമെന്റ് അനുവദിക്കുകയുള്ളൂ. കേരളത്തിലെ യു. പി. സ്കൂളുകളെല്ലാം ഏഴാം ക്ലാസുവരെ മാത്രമേയുള്ളൂ. അതുകൊണ്ട് എട്ടാം ക്ലാസ് തുടങ്ങാതെ നമുക്ക് ഒമ്പതാം ക്ലാസിലേക്ക് പോകാൻ കഴിയില്ല. അതുകൊണ്ട് കേരള ഗവൺമെന്റിന്റെ ചെലവിൽത്തന്നെ എട്ടാം ക്ലാസ് ആരംഭിച്ചു. അതിനുശേഷം ഒമ്പതും പത്തും ക്ലാസുകൾ അവിടെ നടത്തുകയാണ്. അവിടെയും എല്ലാ അദ്ധ്യാപകരെയും നിയമിക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ച് അദ്ധ്യാപകരെ മാത്രമാണ് ആർ.എം.എസ്.എ. അനുവദിക്കുന്നത്. ബാക്കിയുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റുതന്നെ അതിന്റെ ചെലവ് വഹിക്കണം. അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റുണ്ടാക്കിയിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് ഫിക്സേഷന്റെ കാര്യങ്ങൾ അന്തിമഘട്ടത്തിലാണ്. ഒന്നുരണ്ട് ആഴ്ചകൾക്കകം അത് പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിയും. അതുമായി ബന്ധപ്പെട്ട് ടീച്ചേഴ്സ് ബാങ്കിലുള്ള അദ്ധ്യാപകരേയും അധിക അദ്ധ്യാപകരേയും ഇത്തരം സ്കൂളുകളിലേക്ക് പുനർവിന്യസിക്കുന്നതോടുകൂടി ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. സ്കൂളുകളിൽ മറ്റ് ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ തന്നെ അതിന്റെ ചെലവും വഹിക്കേണ്ടതായും വരും. അതാത് സമയങ്ങളിൽ വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, തമിഴ് അദ്ധ്യാപകരുടെ കാര്യം എങ്ങനെയാണ് ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, സ്റ്റാഫ് ഫിക്സേഷന്റെ കാര്യം വന്നുകഴിയുമ്പോൾ അതും ശരിയാകും.

8. മികച്ച നടിക്കുള്ള അവാർഡ് പുനർനാമകരണം ചെയ്യൽ

ശ്രീമതി ജമീലാ പ്രകാശം : സർ, മലയാളത്തിലെ ആദ്യത്തെ സിനിമ ജെ. സി. ഡാനിയേൽ സംവിധാനം ചെയ്ത വിഗതകുമാരനാണ്. ആ സിനിമയിൽ നായികയുടെ റോളിൽ അഭിനയിച്ചത് പി. കെ. റോസി ആയിരുന്നു. പട്ടികജാതിക്കാരിയായ ഈ നടി മലയാളത്തിലെ ആദ്യ സിനിമയിൽ സവർണ്ണ സമുദായക്കാരിയായ ഒരു നായികാ കഥാപാത്രത്തെ അവതരിപ്പിച്ചു എന്നുള്ള ഒറ്റക്കാരണത്താൽ അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ ഇപ്പോൾ സിനിമാചരിത്രത്തിന്റെ ഭാഗമായി തീർന്നിരിക്കുകയാണ്. വിനു എബ്രഹാമിന്റെ നഷ്ടനായിക എന്ന നോവലും അതേത്തുടർന്ന് കമലിന്റെ സെല്ലുലോയ്ഡ് എന്ന സിനിമയും ആദ്യ സിനിമയിലെ നായികയുടെ റോളിൽ അഭിനയിച്ചുവെന്ന ഒറ്റക്കാരണത്താൽ റോസിക്ക് നേരിടേണ്ടിവന്ന പീഡനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി അനാവരണം ചെയ്തിട്ടുണ്ട്. തന്റെ വീട് ആക്രമിക്കുന്നതിനും തീ വയ്ക്കുന്നതിനും തന്നെ കൊലപ്പെടുത്തുന്നതിനും സംഘടിതമായി വന്ന ജാതി വെറിയന്മാരിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി പലായനം ചെയ്ത റോസിക്ക്, തന്നെ രക്ഷപ്പെടുത്തിയ ലോറി ഡ്രൈവറുടെ ഭാര്യയായി പിന്നീടുള്ള ജീവിതം ചെലവഴിക്കേണ്ടിവന്നു. റോസിയോട് നമ്മുടെ സമൂഹത്തിലെ ജാതിവെറിയന്മാർ പ്രകടിപ്പിച്ച ആ പ്രായശ്ചിത്തമില്ലാത്ത അനീതി നമ്മുടെ സാംസ്കാരിക പ്രബുദ്ധതയ്ക്ക തന്നെ മായ്ച്ചുകളയാനാകാത്ത കളങ്കം ഏൽപ്പിച്ചിരിക്കുകയാണ്. വർഷംതോറും സംസ്ഥാന സർക്കാർ ഏറ്റവും നല്ല നടിക്ക് നൽകിവരുന്ന അവാർഡ് ഇനിമുതൽ പി. കെ. റോസിയുടെ പേരിൽ നൽകുവാൻ ഒട്ടും വൈകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചലച്ചിത്ര അക്കാഡമിയുടെ തലപ്പത്തുള്ളവർ ഈ നിർദ്ദേശത്തോട് നിഷേധാത്മകമായ സമീപനം സ്വീകരിച്ചിരിക്കുന്നുവെന്നാണ് ഇതിനുമുമ്പുള്ള എന്റെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. ഒരു ജനകീയ സർക്കാർ അത്തരത്തിലുള്ള സമീപനം സ്വീകരിച്ച് മൗനം പാലിച്ച് കൊണ്ടിരിക്കുന്നത് വൈകുണ്ഠ സ്വാമികളെയും ശ്രീനാരായണ ഗുരുദേവനെയും മഹാത്മാ അയ്യൻകാളിയേയും പൊയ്കയിൽ കുമാര ഗുരുദേവനെയും പോലെയുള്ള സാമൂഹിക സാംസ്കാരിക വിപ്ലവകാരികൾക്ക് ജന്മം നൽകിയ കേരളത്തിന്റെ സാംസ്കാരിക പ്രബുദ്ധതയ്ക്ക് തീരെ യോജിക്കുന്നതല്ലെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ആയതിനാൽ ഏറ്റവും നല്ല മലയാള സിനിമയ്ക്ക് നൽകിവരുന്ന അവാർഡ് ജെ. സി. ഡാനിയേൽ അവാർഡ് എന്ന് വൈകിയാണെങ്കിലും അറിയപ്പെടുവാൻ നടപടി എടുത്തതുപോലെ മലയാള സിനിമയിലെ ഏറ്റവും നല്ല നടിക്ക് വർഷംതോറും നൽകിവരുന്ന അവാർഡ് 'പി. കെ. റോസി അവാർഡ് ' എന്ന് പുനർനാമകരണം ചെയ്യുന്നതിന് ഒട്ടും വൈകാതെതന്നെ തീരുമാനമെടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് പറഞ്ഞ കാര്യത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. സിനിമയുടെ അവാർഡ് കൊടുക്കുന്നതിന് പണ്ടുമുതൽ എടുത്തുവരുന്ന ചില കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമുണ്ട്. അതുകൊണ്ട് ജെ. സി. ഡാനിയേൽ അവാർഡും ഇതുമായി കൂട്ടിക്കുഴയ്ക്കാൻ കഴിയില്ല. മലയാള സിനിമയുടെ പിതാവെന്ന് അറിയപ്പെടുന്ന ജെ. സി. ഡാനിയേലിന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് സമഗ്ര സംഭാവനയ്ക്കുള്ള അവാർഡായാണ് കൊടുക്കുന്നത്. ശ്രീ. എം. ടി. വാസുദേവൻ നായർക്കാണ് ഇപ്രാവശ്യത്തെ ജെ. സി.

LIBRARY ARCHIVES Kerala Legislative Assembly

ഡാനിയേൽ അവാർഡ് കൊടുത്തത്. എല്ലാവർഷവും സമഗ്ര സംഭാവന നടത്തിയിട്ടുള്ള ഒരു വ്യക്തിക്ക് മാത്രമായി കൊടുക്കുകയാണ്. അതേസമയം ഇതിന്റെ സോഷ്യൽ ആസ്പെക്ടിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. ഞാൻ അതിനെ അപ്രീഷിയേറ്റ് ചെയ്യുന്ന ആളാണ്. അതുകൊണ്ട് പി. കെ. റോസിയുടെ പേരിൽ ഒരു അവാർഡ് ഏത് രൂപത്തിൽ നൽകാൻ കഴിയുമെന്നുള്ളത് ചലച്ചിത്ര അക്കാഡമിയുടെ ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ചതിനുശേഷം എങ്ങനെ പ്രാവർത്തികമാക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

9. സർക്കാർ സേവന ബോർഡുകൾ സ്ഥാപിക്കൽ

ശ്രീ. ലൂഡി ലൂയിസ് : സർ, സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന വില്ലേജ്/താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും പൗരൻമാർക്ക് സമയബന്ധിതമായി ലഭിക്കേണ്ട വിവിധ സർക്കാർ സേവനങ്ങളെ സംബന്ധിച്ചുള്ള വിവരം നൽകുന്ന അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പൗരന്റെ അവകാശങ്ങൾക്ക് നിയമസാദ്ധ്യത നൽകുന്ന സേവനാവകാശ നിയമം-2012, സർക്കാർ സേവനം സമയബന്ധിതമായും അഴിമതിരഹിതമായും പൗരന്മാരിലെത്തിക്കുവാൻ ഏറെ സഹായകരമാണ്. എന്നാൽ സർക്കാർ സേവനം സമയബന്ധിതമായി ലഭിക്കേണ്ട അവകാശമാണെന്ന അറിവ് ജനങ്ങളിൽ, പ്രത്യേകിച്ച് സാധാരണക്കാരിൽ, ഇനിയും പൂർണ്ണമായി എത്തിയിട്ടില്ല. വിവിധ സർക്കാർ ആനുകൂല്യങ്ങളെ സംബന്ധിച്ച് നിരവധി ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകളിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ ലളിതമാക്കിയതും പുതുക്കിയതുമായ മാനദണ്ഡങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയുടെ അടിസ്ഥാനത്തിൽ ഒട്ടനവധി മാറ്റങ്ങൾ ഇതിൽ വരുത്തിയിട്ടുണ്ട്. രോഗികൾക്ക് സമാശ്വാസം നൽകുന്ന ദുരിതാശ്വാസ നിധിയിൽനിന്നുള്ള തുകയുടെ വാർഷിക വരുമാനം നേരത്തെ 20,000 രൂപയായിരുന്നത് ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതൊന്നും സാധാരണ ജനങ്ങൾക്ക് അറിയാൻ കഴിയാത്ത സാഹചര്യമാണ് ഇന്നിവിടെയുള്ളത്. ഇതുമൂലം അർഹമായ ആനുകൂല്യങ്ങളും സേവനവും നേടിയെടുക്കാൻ പലർക്കും കഴിയാതെപോകുന്നു. ഈ സാഹചര്യത്തിൽ സർക്കാർ സേവനങ്ങൾ പൗരന്റെ അവകാശമാണെന്ന് ബോദ്ധ്യം വരുംവിധം സമയാസമയങ്ങളിൽ ലഭിക്കേണ്ട സർക്കാർ സേവനങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും പുതുക്കിയ

LIBRARY ARCHIVES Kerala Legislative Assembly